**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നം. 2696** | **06.11.2019-ൽ മറുപടിയ്ക്ക്**

**<u>പാണ്ടനാട് ഗുരു ചെങ്ങന്നൂർ സാംസ്കാരിക നിലയം</u>**

| **<u>ചോദ്യം</u>** | | | **<u>ഉത്തരം</u>** |
|---|---|---|---|
| | ശ്രീ. സജി ചെറിയാൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) | 2018-19 ബജറ്റിൽ 177-ാം നമ്പറായി പാണ്ടനാട് ഗുരു ചെങ്ങന്നൂർ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് 800 ലക്ഷം രൂപ വകയിരുത്തിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2018-19 സാമ്പത്തിക വർഷത്തെ ഭരണാനുമതിയില്ലാത്ത മരാമത്തുപണികളെ സംബന്ധിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അനുബന്ധം II - ൽ വാല്യം II - ൽ 177 -ാം ക്രമ നമ്പറായി പാണ്ടനാട് സാംസ്കാരിക നിലയം നിർമ്മിക്കുന്ന വിഷയം പരാമർശിച്ചിരുന്നു. ആയതിന് ടോക്കൺ വിഹിതമായി 100 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളും പുരോഗതിയും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി-യും, സി-യും) | ഈ വിഷയം പരിശോധിക്കുകയും 2018-19 ബജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ 100/-രൂപ ടോക്കൺ വിഹിതം ഉൾപ്പെടുത്തിയ ചെങ്ങന്നൂർ മണ്ഡലത്തിലെ സാംസ്കാരിക സമുച്ചയം, ചെങ്ങന്നൂർ പാണ്ടനാട് സാംസ്കാരിക നിലയം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകണമെന്ന പ്രപ്പോസൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ലായെന്ന് സർക്കാർ തീരുമാനിക്കുകയുമുണ്ടായി. |
| (സി) | ഗുരു ചെങ്ങന്നൂർ സാംസ്കാരിക നിലയ നിർമ്മാണ ഫണ്ട് ലഭ്യതയ്ക്ക് വേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ